## പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി X

## (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

# വനമേഖലയിലെ ഇക്കോട്ടൂറിസം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1),(iii) പ്രകാരമുള്ളത്]**

2024 ജൂൺ 10-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

സബ്ജക്ട് കമ്മിറ്റി X
(വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

# വനമേഖലയിലെ ഇക്കോടൂറിസം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ
ചട്ടം 235(1),(iii) പ്രകാരമുള്ളത്]

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (2023-2026)

## ഘടന

<u>ചെയർമാൻ:</u>

**ശ്രീ. എ. കെ. ശശീന്ദ്രൻ**
വനം വന്യജീവി വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

<u>അംഗങ്ങൾ:</u>

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ.യു ജനീഷ് കുമാർ

ശ്രീ. എം. മുകേഷ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. രാജ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. എസ് സുപാൽ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി- ഇൻ- ചാർജ്

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിത ഇ., അണ്ടർ സെക്രട്ടറി

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം നമ്പർ വിഷയനിർണ്ണയ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 'വനം മേഖലയിലെ ഇക്കോ ടൂറിസം' എന്ന വിഷയം സംബന്ധിച്ചുള്ള പ്രത്യേക റിപ്പോർട്ട് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 പ്രകാരം സഭയിൽ സമർപ്പിക്കുന്നു.

പരിസ്ഥിതിയ്ക്ക് കേട്ടുപാടുകൾ വരുത്താതെയും ആവാസ വ്യവസ്ഥയെ ശല്യപ്പെടുത്താതെയും നടത്തുന്ന വിനോദസഞ്ചാരമാണ് ഇക്കോ ടൂറിസം. സാമൂഹിക ഉത്തരവാദിത്തമുള്ള യാത്ര, വ്യക്തിഗത വളർച്ച, പരിസ്ഥിതി സുസ്ഥിരത എന്നിവയിൽ ഇക്കോ ടൂറിസം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സഞ്ചാരികളെ ബോധവത്കരിക്കുക, പ്രാദേശിക സമൂഹങ്ങളുടെ സാമ്പത്തിക വികസനത്തിനും ശാക്തീകരണത്തിനും നേരിട്ട് പ്രയോജനം ചെയ്യുക, വിവിധ സംസ്കാരങ്ങളോടും മനുഷ്യാവകാശങ്ങളോടും ആദരവ് വളർത്തുക എന്നിവ ഇക്കോ ടൂറിസത്തിന്റെ പ്രത്യേകതകളാണ്. വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച വിവിധ പ്ലാനുകൾക്കും മറ്റെല്ലാ വനനിയമങ്ങൾക്കും വിധേയമായിട്ടാണ് ഇക്കോടൂറിസം നടപ്പിലാക്കി വരുന്നത്. നിലവിൽ വനം വകുപ്പിന് കീഴിൽ 71 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

കേരള നിയമസഭയുടെ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം നമ്പർ വിഷയ നിർണ്ണയ സമിതി 'വന മേഖലയിലെ ഇക്കോ ടൂറിസം' എന്ന വിഷയം സംബന്ധിച്ച് കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഫോറസ്റ്റ് മ്യൂസിയം ഹാളിൽ 10.10.2023-ന് കൂടിയ യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിരുന്നു. ആയതിന്റെയും സമിതിക്ക് ലഭിച്ച മറ്റ് രേഖകളുടെയും അടിസ്ഥാനത്തിലുമുള്ള സമിതിയുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2024 മെയ് 21-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. കെ. ശശീന്ദ്രൻ,
*ചെയർമാൻ*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
10.06.2024.

# റിപ്പോർട്ട്

ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഒരു പ്രധാന ഘടകമായി ഇക്കോ ടൂറിസം ഇപ്പോൾ ആഗോള തലത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. വനാശ്രയ സമൂഹങ്ങളുടെ ഉപജീവന മാർഗ്ഗത്തിന് സുസ്ഥിരമായ ബദൽ സംവിധാനം രൂപീകരിച്ചുകൊണ്ടും വന സംരക്ഷണ അവബോധം ജനങ്ങളിൽ സൃഷ്ടിച്ചുകൊണ്ടുമാണ് ഇക്കോ ടൂറിസം പദ്ധതിക്കൾക്ക് സംസ്ഥാനം രൂപം നൽകിയിട്ടുള്ളത്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ഇക്കോ ടൂറിസം വികസനത്തിന് ഉത്തേജനം നൽകുന്നതിനുള്ള പദ്ധതികൾ സംസ്ഥാനത്ത് രൂപീകരിക്കുന്നത്.

വിനോദസഞ്ചാരികളെ ധാരാളമായി ആകർഷിക്കുന്നതിനാവശ്യമായ നിരവധി സാദ്ധ്യതകളുള്ള നമ്മുടെ സംസ്ഥാനം ഇക്കോ ടൂറിസ്സം മേഖലയിൽ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളതിനൊപ്പം ഈ മേഖല പ്രതിസന്ധികളും നേരിടുന്നുണ്ട്. ഇന്നുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സാധ്യമാക്കുന്നതിനും വിനോദ സഞ്ചാരികളുടെ താല്പര്യം സംരക്ഷിക്കുന്നതിനും ഇന്ന് നിലവിലുള്ള സംവിധാനം പൂർണ്ണമായും പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുന്നു. സുസ്ഥിര വികസനത്തെ ലക്ഷ്യമാക്കിയും വൃത്തിയും വെടിപ്പുമുള്ള താമസ സൗകര്യങ്ങളും ഭക്ഷണശാലകളും ആശുപത്രികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന വിധത്തിൽ ഇക്കോ ടൂറിസം വളരേണ്ടത് അനിവാര്യമാണ്.

പ്രകൃതി സൗന്ദര്യവും സാംസ്കാരിക സമ്യദ്ധിയും നിറഞ്ഞു നിൽക്കുന്ന കേരളം ഇക്കോ ടൂറിസം മേഖലയിൽ രാജ്യത്ത് ഒന്നാമതെത്തുവാൻ അർഹമാണ്. രാജ്യത്തെ ഏറ്റവും ഹരിതാഭമായ സ്ഥലങ്ങളിൽ ഒന്നായ നമ്മുടെ സംസ്ഥാനം ഇക്കോ ടൂറിസത്തെ വലിയ രീതിയിൽ പ്രോത്സാഹിപ്പിക്കുന്നുണ്ട്. തെങ്ങുകൾകൊണ്ട് സമൃദ്ധമായ തീരപ്രദേശങ്ങളുടെയും, മലനിരകളെ പച്ചപ്പുതപ്പ് പോലെ മൂടുന്ന തേയിലത്തോട്ടങ്ങളുടെയും, കണ്ടൽ കാടുകളാൽ ചുറ്റപ്പെട്ടിരിക്കുന്ന കായലുകളുടെയും സാന്നിദ്ധ്യം

വനപ്രദേശത്തുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ ഹരിത ഭംഗി എടുത്തുകാണിക്കുന്നു.

അമൂല്യങ്ങളായ വനങ്ങളുടെ അപൂർവ്വതകൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതും വനാശ്രിത സമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ ലക്ഷ്യമിട്ടാണ് സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി തദ്ദേശിയരായ വനാശ്രിതരുടെ പങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്. പ്രകൃതി പഠനം, ജൈവവൈവിധ്യ സംരക്ഷണം, തുടങ്ങിയവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഈ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായേണ്ടത് അനിവാര്യമായ സാഹചര്യത്തിലാണ് വനമേഖലയിലെ ഇക്കോ ടൂറിസം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേരാൻ തീരുമാനിച്ചത്. പ്രസ്തുത യോഗം 2023 ഒക്ടോബർ മാസം 10-ാം തീയതി കുളത്തൂപ്പുഴ ഫോറസ്റ്റ് മ്യൂസിയം ഹാളിൽ ചേരുകയും മേൽ വിഷയം സംബന്ധിച്ച് വനം വകുപ്പ് ലഭ്യമാക്കിയ വിവരങ്ങൾ, ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സമിതി വിശദമായ ചർച്ച നടത്തുകയും ചെയ്തു.

പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിലും ഇക്കോടൂറിസം സംബന്ധിച്ച് വനം വകുപ്പ് തയ്യാറാക്കിയ മാർഗ്ഗരേഖ, ഇക്കോടൂറിസം കേന്ദ്രങ്ങളുടെ നിലവിലുള്ള അവസ്ഥ, പ്രസ്തുത കേന്ദ്രങ്ങളുടെ പുരോഗതിക്കായി അവശ്യം വേണ്ട കാര്യങ്ങൾ എന്നിവ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലും സമിതിയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർത്തിരിക്കുന്നു.

1. 13.09.2022-ലെ സമിതിയുടെ യോഗത്തിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഏകോപിക്കുന്നതിനും വനം വകുപ്പ് ആസ്ഥാനത്ത് ഒരു പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിന് സമിതി നിർദ്ദേശിച്ചിരുന്നു. 71 ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഇപ്പോൾതന്നെ

നിലവിലുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലെ ജീവനക്കാരുടെ വിഷയങ്ങൾ, വരവു ചെലവുകൾ, സന്ദർശകരുടെ വാഹന പാർക്കിംഗ്, താമസസൗകര്യം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു പ്രത്യേക ഡയറക്ടറേറ്റിന്റെ ആവശ്യകത സമിതിക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് ഒരു പ്രത്യേക ഡയറക്ടറേറ്റിന് സമിതി ശിപാർശ ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു സ്പെഷ്യൽ ഓഫീസറെ പ്രസ്തുത ആവശ്യത്തിലേയ്ക്ക് വകുപ്പ് നിയോഗിക്കുകയും ഡയറക്ടറേറ്റ് രൂപീകരണത്തിനാവശ്യമായ പ്രൊപ്പോസലിന്റെ കരട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി യോഗത്തിൽ അറിയിച്ചിരുന്നു. ആയതിന്റെ ആദ്യ ഘട്ടമായി സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിരിക്കുന്നത് സ്വാഗതാർഹമാണെങ്കിലും പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2.** നിലവിൽ സംസ്ഥാനത്ത് 71 ഇക്കോ ടൂറിസം കേന്ദ്രങ്ങളാണുള്ളതെന്നും ഓരോ സെന്ററും പ്രത്യേകമായ നിലയിലാണ് പ്രവർത്തിക്കുന്നതെന്നും പല തരത്തിലുള്ള പരിമിതികൾ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ നേരിടുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ഇക്കോ ടൂറിസം സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങളുള്ള കേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും അടിസ്ഥാന സൗകര്യം കുറവുള്ള കേന്ദ്രങ്ങൾ ഏതൊക്കെയാണെന്നുമുള്ള പട്ടിക തയ്യാറാക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**3.** നിലവിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങൾക്ക് പുറമെ നിരവധി ടൂറിസം കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അവയിൽ നിന്നും വനം വകുപ്പിന്റെ പരിധിയിലുള്ള സ്പോട്ടുകൾ കണ്ടെത്തി സമിതിക്ക് സമർപ്പിക്കണമെന്നും അത്തരം പുതിയ സ്പോട്ടുകളെ ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ ഭാഗമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. ടൂറിസം വികസനത്തിന് പര്യാപ്തമായ ടൂറിസം സർക്ക്യൂട്ടുകൾ വികസിപ്പിക്കണമെന്നും ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ യാത്ര ചെയ്ത് സന്ദർശനം പൂർത്തിയാക്കാൻ സാധിക്കുന്ന തരത്തിലുള്ള ടൂറിസം സർക്ക്യൂട്ടുകൾ രൂപീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

5. പല ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും വിനോദസഞ്ചാരികൾക്ക് താമസ സൗകര്യത്തിന്റെ അപര്യാപ്തതയുണ്ടെന്ന് സമിതി വിലയിരുത്തുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളായ റീ ഹാബിലിറ്റേഷൻ പ്ലാന്റേഷൻ, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് മറ്റ് സ്ഥാപനങ്ങളായ കെ.ടി.ഡി.സി., ഇൻഡ്യൻ കോഫി ഹൗസ് തുടങ്ങിയവയുമായി ചർച്ച നടത്തി അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

6. ഇക്കോ ടൂറിസം മാസ്റ്റർ പ്ലാൻ പ്രകാരം സമഗ്രമായ 12 സെക്ടറുകൾ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.സി. ഹോട്ടലുകൾ, സി.എസ്.ആർ. ഫണ്ടുകൾ, വിവിധ എൻ.ജി.ഒ.കളുടെ പാക്കേജുകൾ എന്നിവ കൂടി ഉൾപ്പെടുത്തി പ്ലാൻ വിപുലീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

7. വനാശ്രിത സമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നത് ഇക്കോ ടൂറിസത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകിയും അവരുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തിയും പ്രവർത്തിക്കുന്ന 'വനശ്രീ' പോലുള്ള സ്ഥാപനങ്ങൾ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പ്രകൃതിപഠനം, ജൈവ വൈവിദ്ധ്യ സംരക്ഷണം തുടങ്ങിയവയ്ക്ക് പുതിയ മേഖലകൾ കണ്ടെത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**8.** <u>ഇക്കോ ടൂറിസം സംബന്ധിച്ച് ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികളും പരിപാടികളും രൂപീകരിക്കുന്നതിന് സഹായകരമാകുന്ന രീതിയിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഇക്കോ ടൂറിസം സെന്ററുകൾക്ക് ചെലവാകാവുന്ന തുക, ലഭ്യമാകാവുന്ന വരുമാനം എന്നിവ സംബന്ധിച്ച് കൃത്യമായ മാപ്പിംഗിലൂടെ വിശദമായ ഒരു സ്റ്റേറ്റ്മെന്റ് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

ദൈവത്തിന്റെ സ്വന്തം നാട് പ്രകൃതി സ്നേഹികളുടെയും വിനോദ സഞ്ചാരികളുടെയും ഇഷ്ട ഇടമായി തുടരാൻ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും സഹായകരമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

സംസ്ഥാന വനം വകുപ്പ് ലഭ്യമാക്കിയ അംഗീകൃത ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

**എ. കെ. ശശീന്ദ്രൻ,**
*ചെയർമാൻ*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
29.05.2024.